**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1773** **12.06.19 ൽ മറുപടിയ്ക്ക്**

**വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കാൻ പദ്ധതി**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ തരം വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതിയെക്കുറിച്ചുള്ള വിശദവിവരം നൽകാമോ; | (എ)<br>(ബി)<br>(സി) | വാഹനങ്ങളിൽ ലൊക്കേഷൻ ട്രാക്കിങ് ഡിവൈസ് സംവിധാനം നടപ്പാക്കുന്നതിനുള്ള സുരക്ഷാ മിത്ര പദ്ധതിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സി-ഡാക്കുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, വാഹന തകരാറുകൾ, ഗതാഗത തടസ്സങ്ങൾ, അമിത വേഗത, അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേകിച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെ ഉണ്ടായേക്കാവുന്ന അതിക്രമങ്ങൾ എന്നിവ തടയുന്നതിന് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic Button) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സന്ദേശങ്ങൾ കൺട്രോൾ റൂമിലേയ്ക്കും എസ്.എം.എസ് മുഖേന വാഹന ഉടമ, സ്കൂൾ അധികൃതർ, രക്ഷിതാക്കൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവർക്ക് ലഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ; | | |
| (സി) | പദ്ധതി നടപ്പിലാക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ